പത്രക്കുറിപ്പ്
15-5-2018

# കുടുംബശ്രീയുടെ ഇരുപതാം സംസ്ഥാന വാർഷികവും സി.ഡി.എസ് ചെയർപേഴ്സൺമാരുടെ സംഗമവും

**കോഴിക്കോട് മെയ് 17, 18 തീയതികളിൽ**

തിരുവനന്തപുരം: സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളിലൂടെ ലോകത്തിന് മാതൃകയായ കുടുംബശ്രീ ഇരുപതാം വാർഷികം ആഘോഷിക്കുന്നു. 17, 18 തീയതികളിൽ കോഴിക്കോട് സ്വപ്നനഗരിയിലാണ് ആഘോഷപരിപാടികൾ. സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 1065 സി.ഡി.എസ് ചെയർപേഴ്സൺമാരുടെ സംഗമവും ഇതോടൊപ്പം ഉണ്ടാകും.

കുടുംബശ്രീ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കുന്നതിനും ഭാവി കർമപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമാണ് വാർഷിക പരിപാടിയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. പ്രതിസന്ധികളെ അതിജീവിക്കുന്നതിനും പ്രവർത്തന പന്ഥാവിൽ പുതിയ ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനും അവ നേടുന്നതിനും വേണ്ടിയുള്ള ചർച്ചകളും ഇതോടൊപ്പം നടത്തും. കൂടാതെ 'കുടുംബശ്രീയുടെ കഥ'-പ്രദർശനം, ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ, കലാ സാംസ്കാരിക പരിപാടികൾ എന്നിവയും വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കും.

17ന് രാവിലെ 11.30ന് നടക്കുന്ന ഉദ്ഘാടന സമ്മേളനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ ഉദ്ഘാടനം ചെയ്യും. വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന 'കുടുംബശ്രീയുടെ കഥ' -പ്രദർശനത്തിന്റെയും വയോജന പരിചരണ മേഖലയിൽ കുടുംബശ്രീ പുതുതായി ആരംഭിക്കുന്ന 'ഹർഷം' പദ്ധതിയുടെയും ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണൻ അധ്യക്ഷത വഹിക്കും. ഹരിത മിഷൻ ഉപാധ്യക്ഷയും കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗവുമായ ഡോ. ടി.എൻ. സീമ മുഖ്യാതിഥിയായിരിക്കും. പി.കെ.ശ്രീമതി ടീച്ചർ എം.പി, ഗതാഗത വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ, എം.എൽ.എമാർ, മറ്റു ജനപ്രതിനിധികൾ എന്നിവർ ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കും.

എം.കെ.രാഘവൻ എം.പി മികച്ച സി.ഡി.എസുകളെയും പി.കെ.ശ്രീമതി ടീച്ചർ എം.പി മികച്ച ബാങ്കുകളെയും ആദരിക്കും. എം.കെ.മുനീർ എം.എൽ.എ മികച്ച സംരംഭകരെ ആദരിക്കും. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ കുടുംബശ്രീ പഠന പരമ്പരയുടെ പ്രകാശനം മന്ത്രി ഡോ.കെ.ടി ജലീൽ കോഴിക്കോട് മേയർ തോട്ടത്തിൽ രവീന്ദ്രന് നൽകി പ്രകാശനം ചെയ്യും.

കുടുംബശ്രീ പഠന പരമ്പര പ്രസക്തി-എന്ന വിഷയത്തെ അധികരിച്ച് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് പ്രഫ.ജെ.ദേവിക പ്രഭാഷണം നടത്തും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ കുടുംബശ്രീയുടെ അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളെ കുറിച്ച് ആമുഖ അവതരണം നടത്തും. തുടർന്ന് കുടുംബശ്രീയുടെ കീഴിൽ വരുന്ന പതിനാല് വിഭാഗങ്ങളെ കുറിച്ച് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാരുടെ അവതരണം നടക്കും. ഓരോ മേഖലയുടെയും ചരിത്രവും വർത്തമാനവും ഇതിലൂടെ അവതരിപ്പിക്കും. അതിനു ശേഷം ഈ അവതരണത്തെ ആസ്പദമാക്കി ഭാവി പ്രവർത്തനങ്ങളും

അടുത്ത അഞ്ച് വർഷത്തേക്ക് കുടുംബശ്രീ നേടേണ്ട ദീർഘകാല ലക്ഷ്യങ്ങളും ചർച്ച ചെയ്യും. തുടർന്ന് ഗ്രൂപ്പ് ചർച്ചയെ അടിസ്ഥാനമാക്കി ആദ്യം അഞ്ചു ഗ്രൂപ്പുകളുടെ അവതരണം നടക്കും.

18ന് ഗ്രൂപ്പ് ചർച്ചയുടെ അടിസ്ഥാനത്തിലുള്ള അവതരണം തുടരും. പിന്നീട് ഇതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ, ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ എന്നിവർ ലക്ഷ്യങ്ങൾ അവതരിപ്പിക്കും. 'പങ്കാളിത്ത വികസനത്തിൽ അയൽക്കൂട്ടങ്ങളുടെ പങ്ക്' എന്ന വിഷയത്തെ കുറിച്ച് പ്രോഗ്രാം ഓഫീസർ പ്രമോദ് കെ.വി സംസാരിക്കും. മികച്ച സി.ഡി.എസായി തിരഞ്ഞെടുക്കപ്പെട്ടവർ അവരുടെ അനുഭവങ്ങൾ പങ്കു വയ്ക്കും. മികച്ച സി.ഡി.എസുകളായി തിരഞ്ഞെടുക്കപ്പെട്ടവർ തങ്ങളുടെ അനുഭവങ്ങൾ പങ്കു വയ്ക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ